"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് - നവകേരളം കർമ്മപദ്ധതി-II കോഴിക്കോട് ജില്ലാ കോ-ഓർഡിനേറ്റർ ആയി സേവനം അനുഷ്ഠിക്കുന്ന ശ്രീ. പ്രസാദ് പി.റ്റി (ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്)-യുടെ അന്യത്രസേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

സ.ഉ.(സാധാ) നം.172/2025/PIE&MD തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:-

1. സ.ഉ (പി) നം.10/2021/പിഇ&എ തീയതി 01.08.2021.
2. സ.ഉ (പി) നം.02/2021/പിഐഇ&എംഡി തീയതി 03.12.2021.
3. സ.ഉ (സാധാ) നം.220/2023/പി.ഐ.ഇ&എം.ഡി തീയതി 22.08.2023.
4. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 05.09.2024-ലെ LSGD/PD/30964/2024-DEA6 നമ്പർ കത്ത്.
5. നവകേരളം കർമ്മപദ്ധതി-II കോ-ഓർഡിനേറ്ററുടെ 06.09.2024-ലെ എൻ.കെ.പി/എ2/ 1254/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം നവകേരളം കർമ്മപദ്ധതി-II- നായി 14 ജില്ലാ കോ-ഓർഡിനേറ്റർ തസ്തികകൾ അനുവദിക്കുകയുണ്ടായി. കോഴിക്കോട് ജില്ലയിൽ ഒഴിവുള്ള തസ്തികയിലേയ്ക്ക് ശ്രീ. പ്രസാദ് പി.റ്റി (ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്)-നെ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് പരാമർശം (3) പ്രകാരം നിയമിക്കുകയും ചെയ്തു. ശ്രീ. പ്രസാദ് പി.റ്റി-യുടെ കോഴിക്കോട് ജില്ലാ കോർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി 10.09.2024 തീയതിയിൽ അവസാനിച്ചതിനാൽ ടിയാളുടെ സേവനം 11.09.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കണമെന്ന് പരാമർശം (5) കത്ത് പ്രകാരം നവകേരളം കർമ്മപദ്ധതി-II കോ-ഓർഡിനേറ്റർ അഭ്യർത്ഥിക്കുകയുണ്ടായി. ശ്രീ. പ്രസാദ് പി.റ്റി-യുടെ സേവനം നവകേരളം കർമ്മപദ്ധതി-II-നായി വിട്ടു നൽകുന്നതിന് എതിർപ്പില്ലെന്ന് പരാമർശം (4) കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നവകേരളം കർമ്മപദ്ധതി-II കോ-ഓർഡിനേറ്ററെ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നവകേരളം കർമ്മപദ്ധതി-II കോഴിക്കോട് ജില്ലാ കോ-ഓർഡിനേറ്ററായി സേവനം അനുഷ്ഠിക്കുന്ന ശ്രീ. പ്രസാദ് പി.റ്റി (ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്)-യുടെ അന്യത്രസേവന കാലാവധി, നിലവിലെ അന്യത്രസേവന വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി, 11.09.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീന ജെ പി
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പ്രസാദ് പി.റ്റി, ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(നവകേരളം കർമ്മപദ്ധതി-II കോ-ഓർഡിനേറ്റർ മുഖേന).
കോ-ഓർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി-II, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ഡയറക്ടറുടെ പി.എ.യ്ക്ക്.
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Devi K G
Date: 05-07-2025 16:15:48
സെക്ഷൻ ഓഫീസർ